ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയാണെങ്കിൽ ഇപ്പോൾ ഈ ഗവണ്മെൻറിനു് ലഭിച്ചുകൊണ്ടിരിക്കുന്ന റായൽടി ആയ 75 ശതമാനം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുതന്നെയാണു് ഗവണ്മെൻറിന്റെ നില.

കാപ്പിസ്റ്റർമാരുടെ നിയമനം.

* 569. [21] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ ഡിപ്പാർട്ടുമെൻറുകളിൽ കാപ്പിസ്റ്റർമാരായി നിയമിക്കപ്പെടുന്നതിനായി പബ്ലിക്കു് സർവ്വീസു് കമ്മിഷൻ മുമ്പാകെ 1955 മാർച്ചു് 31–ാംതീയതിവരെ പേരു രജിസ്റ്റർ ചെയ്തവരിൽ എത്ര പേർ നിയമനം കിട്ടാതെ ശേഷിക്കുന്നുണ്ടു് ;

(ബി) കാപ്പിസ്റ്റർ നിയമനങ്ങളിൽ എന്തു മാനദണ്ഡമാണു് ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്നതു് ;

(സി) കാപ്പിസ്റ്റർ ജോലിക്കായി അപേക്ഷിച്ചിട്ടില്ലാത്തവരും ക്ലാർക്കു് നിയമനങ്ങൾക്കായുള്ള പരീക്ഷയിൽ പാസ്സായിട്ടുള്ളവരുമായ ആരെയെങ്കിലും കാപ്പിസ്റ്റരായി നിയമിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) വിവിധഡിപ്പാർട്ടുമെൻറുകളിൽ കാപ്പിസ്റ്റർമാരായി നിയമിക്കപ്പെടുന്നതിനായി 1955 മാർച്ചു് 31–ാംതീയതിവരെ പേരു് രജിസ്റ്റർ ചെയ്തവരിൽ 3700 പേർ നിയമനം കിട്ടാതെ ശേഷിക്കുന്നുണ്ടു്.

(ബി) ഉദ്യോഗാർത്ഥികളുടെ കഴിവിനെ അടിസ്ഥാനപ്പെടുത്തി കൊണ്ടുള്ള നിയമനരീതി തന്നെ കാപ്പിസ്റ്റർമാരുടെ നിയമനത്തിലും സ്വീകരിച്ചിട്ടുള്ളതു് എന്നാണു് അറിയുന്നതു്. തുല്യ കഴിവുള്ളവരിൽ ഏതു് അനുസരിച്ചുള്ള പ്രായം കഴിഞ്ഞതിട്ടില്ലെങ്കിൽ പ്രായം കൂടുതൽ ഉള്ളവരെയാണു് മുൻഗണന നൽകി നിയമിക്കുന്നതു്.

(സി) കാപ്പിസ്റ്റർജോലിക്കായി അപേക്ഷിച്ചിട്ടില്ലാത്ത ആളുകളിൽ ക്ലാർക്കു് പരീക്ഷയിൽ ചേർന്നു് പാസ്സായിട്ടുള്ളവരെ കാപ്പിസ്റ്റർകളായി നിയമിക്കുന്നുണ്ടു്.

(ഡി) അപേക്ഷകരിൽ കൂടുതൽ കാര്യശേഷിയും സാമർത്ഥ്യവും ഉള്ളവരെയാണു് നിയമനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കുന്നതു്. അതേ അടിസ്ഥാനത്തിൽ തന്നെയാണു് ക്ലാർക്കന്മാരുടെ ലിസ്റ്റിൽപ്പെട്ട ആളുകളേയും കാപ്പിസ്റ്റർമാരായി നിയമിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ക്ലാർക്കന്മാരുടെ റാങ്കു് കിട്ടിയ പലരേയും കാപ്പിസ്റ്റർകളായി നിയമിക്കുന്നതുകൊണ്ടു് കാപ്പിസ്റ്റർകളായി റാങ്കു് കിട്ടിയവർക്കു് ഉദ്യോഗം ലഭിക്കുന്നില്ലാ എന്നുള്ള വിവരം ഗവണ്മെൻറിനു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരും.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൊപ്പിസ്റ്റർമാരായി നിയമിക്കുന്നതു് കൈയക്ഷരംകൂടി പരിശോധിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ ചെയ്യുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചെയ്യില്ലെങ്കിൽ അതു് അബദ്ധമാണു്.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : കാപ്പിസ്റ്റർമാരായി ബി. എ. ക്കാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

പനമ്പുനെയ്ത്തുകേന്ദ്രങ്ങൾ

[C1] * 570. [22] ശ്രീ. കെ. പി. ഹോർമിസ് : * താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനമ്പുനെയ്ത്തു കേന്ദ്രങ്ങൾ വ്യവസായം പോഷിപ്പിക്കുന്നതിനു ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) മേൽ വ്യവസായത്തിൽ എത്ര ആയിരം ആളുകൾ ഏർപ്പെട്ടിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഉണ്ടു്.

(ബി) പനമ്പുനെയ്ത്തുകുടി ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടു്. നല്ല രീതിയിൽ പ്രവർത്തനം നടത്തുന്ന കേന്ദ്രങ്ങൾക്കു് ഗവണ്മെൻറിൽനിന്നും ഗ്രാൻറു നൽകുന്നുണ്ടു്.

(സി) ഉദ്ദേശം രണ്ടുലക്ഷം ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : അതിനാവശ്യമായ റാമെറീരിയൽസ് ഇപ്പോൾ ഗവണ്മെൻറിൽനിന്നും കൊടുക്കുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റാ മെ റീ രി യ ൽ സ് അവർതന്നെയാണു് സംഭരിക്കുക പതിവു്. അടുത്തുണ്ടായ ഏതോ ഒരു ഓർഡർ അനുസരിച്ചു ഇപ്പോൾ ചില വിഷമങ്ങൾ ഉണ്ടായിട്ടുണ്ടു് എന്നു കേട്ടിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : മുളവെട്ടിയെടുക്കുന്നതിനു ഇപ്പോൾ വിഷമങ്ങൾ നേരിടുന്നുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അടുത്തുണ്ടായ ഏതോ കല്പന അനുസരിച്ചു ചില വിഷമങ്ങൾ ഉണ്ടായിരിക്കാം.

---

* As the Member was absent, the question was put by Shri K. Karunakaran, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly